# പ്രിയ വിലാപം

എം. രാജരാജവർമ്മരാജ

# പ്രിയ വിലാപം

കാവ്യം

എം. രാജരാജവർമ്മരാജ

താളിളക്കം

2020

| | |
|---|---|
| പേര്: | **പ്രിയ വിലാപം** |
| ഭാഷ | മലയാളം |
| വിഭാഗം: | കാവ്യം |
| രചന: | എം. രാജരാജവർമ്മരാജ |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| ടൈപ്പിങ്: | പവിത്രൻ മണ്ടോടി |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

**ടൈപ്പിങ്**



**പവിത്രൻ മണ്ടോടി**

ഓർക്കാട്ടേരി, വടകര.

വേങ്ങരയിലെ വലിയോറ ഈസ്റ്റ് എഎംയുപി സ്കൂളിൽ

അധ്യാപകനായി ജോലിചെയ്യുന്നു.

## മുഖവുര

കാണ്മാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണമെന്നില്ലല്ലൊ. വായിക്കാൻ പോകുന്ന ഗ്രന്ഥത്തിനു പ്രസ്താവന വേണോ? അച്ഛനു മക്കളോടു വാത്സല്യം സഹജമാണ്. സീമന്തപുത്രനോട് പിന്നെ സംശയിക്കാനുണ്ടോ? എന്നാൽ മാതാപിതാക്കന്മാർ കല്പിക്കുന്ന പേരല്ല ജനങ്ങൾ കൊടുക്കുന്ന പേരാണ് പുത്രന്മാർക്കു നിലനില്ക്കുന്നതു്.നീരാഴിയിലെ വെള്ളം ചീത്തയാണെങ്കിൽ പൊന്നിൻ കല്പട കൊണ്ടു ഒരു പ്രയോജനവുമില്ല. അതുപോലെ കാവ്യം നീരസമാണെങ്കിൽ കേമനായ മുഖവുര അതിനെ നന്നാക്കയില്ല.

ഒരു അന്യഥാബോധത്തെ അകറ്റുന്നതിന് മാത്രമായിട്ടാണ് ഞാൻ ഒരു മുഖവുര എഴുതുന്നതു്. അശ്വതി തിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ അകാലവിയോഗത്താലുണ്ടായ മനോവ്യഥയുടെ ശാന്തിക്കായി 'ടെന്നിസൺ' എന്ന മഹാകവിയുടെ 'ഇൻമെമ്മോറിയം' എന്ന പ്രസിദ്ധ കൃതിയെ ഒരു ആവൃത്തി ഞാൻ വായിക്കയുണ്ടായി. ആ കാവ്യരത്നത്തിന്റെ ആസ്വാദ്യത ഇതര ഭാഷയിൽ വരുത്തുന്നതിനു മാദൃശന്മാർ തുനിയുന്നതു സാഹസമെന്നേ വരൂ ; പ്രതിപദം ഭാഷാന്തരം ചെയ്യുന്നതു അസാധ്യമത്രേ ; അതിന്റെ ഛായ വരുത്തുവാൻ 'പ്രിയ വിലാപ'ത്തിൽ യഥാശക്തി ഞാൻ ശ്രമിച്ചിട്ടുണ്ടു്. അതുകൊണ്ടു പ്രിയ വിലാപം ഒരു സ്വതന്ത്ര കൃതിയല്ല ; ഭാഷാന്തരമാണോ? അതുമല്ല, ടെനിസന്റെ അദ്വിതീയമായ കൃതിയുടെ മാധുര്യത്തെ ഇതിൽ അനുഭവിക്കാൻ മോഹിക്കുന്നവർക്ക് ഇച്ഛാഭംഗത്തിനു ഇട വന്നേക്കാം. ആ മഹാകവിയുടെ അതിരമണീയകളായ പല കല്പനകളുടെ ഏകദേശത്തെ പകർത്തിയും സ്വന്തമായി അവിടവിടെ ചിലതെല്ലാം ഏച്ചുകെട്ടിയും രചിച്ചിട്ടുള്ളതാണ് ഈ ഖണ്ഡകാവ്യം.

മറ്റുള്ള ചില്ലറ കൃതികൾ പല അവസരങ്ങളിലായി എഴുതിയിട്ടുള്ളവയാണ്, അവയിൽ ചിലതു മുമ്പിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ചിലതു ഇദംപ്രഥമമായി അരങ്ങത്തു ഇറങ്ങുകയാണ്. രംഗപ്രവേശം കഴിഞ്ഞിട്ടില്ലാത്ത നടന്മാരുടെ ന്യൂനതകൾ അവയ്ക്കു ഉണ്ടാകാതെ ഇരിക്കയില്ല. എങ്കിലും വെള്ളത്തിലിറങ്ങാതെ നീന്തു പഠിക്കുന്നതു സാധ്യമല്ലല്ലൊ. കൊല്ലം.

എം. രാജരാജവർമ്മരാജ

## പ്രിയ വിലാപം

കഴിവില്ല മിഴിക്കു കാണ്മവാൻ
കുഴയും യുക്തികളാൽ തെളിക്കുവാൻ
അഴിവറ്റ മഹേശ! നിൻപദം
മുഴുകും ഭക്തിരസേന കൈതൊഴാം.

ഭവദീയമതാണു കാണ്മമീ –
ഭുവനം സത്ത്വരജസ്തമോമയം;
തവ ഭാവനകൊണ്ടു ദേഹിനാം
ഭവപാശങ്ങൾ ഭവിച്ചിടുന്നിഹ.

ഒരുകൈ പണിചെയ്ത ലോകമീ
മറുകൈ കൊണ്ടു നശിച്ചിടുന്നു തേ
വരികില്ല, തഥാപി, ദോഷമെ-
ന്നൊരു വിശ്വാസമനശ്വരം മമ.

പണിചെയ്തു മനുഷ്യനെ ബ്ഭവാൻ ;
ഫലമെന്തന്നവനില്ല ബോധവും ;
പരനായൊരു നീ ചമയ്ക്കയാൽ
പരമത്വത്തെ നടിച്ചിടുന്നവൻ.

മനുജത്വവുമീശ്വരത്വവും
മിനുസം നിന്നിലമർന്നിടുന്നഹോ!
കുനിയുന്നു തവേച്ഛ കണ്ടുടൻ
ദനുജാരെ! മനുജേച്ഛ തുച്ഛയാം.

തുലയുന്നു ഞൊടിച്ചിടുമ്പൊഴേ –
ക്കുലകിൽ കാണ്മവതൊക്കെ, യെങ്കിലും,
കലയാണു ഭവാന്റെയെന്നു താൻ
കലയാമോ വയമായവറ്റയെ.

കരണത്തിനഗമ്യനായിടും
പരനാം നിന്നെയറിഞ്ഞിടാൻ പണി ;

കരുതുന്നഥ ഭക്തിയൊന്നു താ -
നിരുളാർന്നോരുലകിന്നു ദീപമായ്.

അറിവേറിവരേണമെങ്കിലും
കറവാർന്നീടരുതെന്റെ ഭക്തിയും ;
നിറവാർന്നിവ രണ്ടുമൊപ്പമായ്
മറവാക്കീടണമങ്ങു വൈരവും.

ഭയമെപ്പൊഴൊരിക്കലില്ലയോ
നിയതം നിന്നെ ഹസിക്കുമിജ്ജനം,
ഇതി ഭീരുവുമല്പനും നരൻ;
മതിമാൻ നീ തുണ ചെയ്തീടണമേ.

അദസീയമതാണു കാണുമീ
സദസൽകർമ്മ വിചാരമാകവേ;
ഹൃദയേ കരുതാതെയേതുമേ
സദയം തെറ്റുകളെപ്പൊറുക്ക നീ.

മൃതനാം മമ മിത്രമോർത്തെനി-
ക്കതിയാകുന്ന വിഷാദമത്ഭുതം!
തവ പാദമണഞ്ഞുകൊണ്ടുതാ -
നവനിന്നേറെയെനിക്കു വന്ദ്യനാം.

മമ യൌവനജീവനൌഷധം
സമയേ വിട്ടുപിരിഞ്ഞതോർത്തു ഞാൻ
കരയുന്നതിനെ ക്ഷമിച്ചു മേ
കൃപയാർന്നേകുക തത്ത്വബോധവും.

മൃതിയെന്നതുതാനുയർന്നൊരാ
സ്ഥിതിയാന്നീടുവതിന്നു കല്പട,
ഇതിയോതുമനേക സജ്ജനം ;
മതിയിൽ ബോധവുമുണ്ടെനിക്കതും.

കരമാർന്നതിനെക്കളഞ്ഞ ഹോ!
വരുമെന്നോർത്തു സുഖിക്കുമോ നരൻ?
കരുതും ഭവിതവ്യതാ സുഖം
തരുമെന്നാരൊരു സംശയം വിനാ?

തുണയായി വരിച്ചുകൊൾക നീ
പിണയും മാലിനെയല്ലയെങ്കിലോ,
നിയതം ഭവസാഗരോദരേ
പ്രിയമേ! മുങ്ങിനശിച്ചു പോയിടും.

പലനാളുകൾ കൊണ്ടു സിദ്ധമാം
ഫലമായുള്ളൊരു സൌഹൃദം ക്ഷണാൽ
തുലയുന്നതു കണ്ടു കാലമ-
ങ്ങലിവില്ലാതെ ഹസിപ്പതോർക്കിലോ,

കരയറ്റൊരു ശോകസാഗരേ
കരമോരോന്നു കുഴഞ്ഞു താണുപോയ്
മരണം ശരണം ഗമിപ്പതേ
വരമെന്നുള്ളതിനില്ല സംശയം (യുഗ്മകം)

ചുടുകാടിനകത്തു വാണിടും
വിടപ!ത്വം പടരുന്ന ശാശ്വതം ;
ഘടികാരമൊരോ നിമേഷമാ-
ർന്നിടവേ ധാവതി ജീവിതം നൃണാം.

അരുണാരുണകാന്തി ചിന്തിടു-
ന്നൊരു മാർത്താണ്ഡനുദിച്ച സത്വരം
ഒരു രാവു വരുന്ന മുന്നമേ
ചരമത്വത്തെയണഞ്ഞിടുന്നഹോ!

പ്രതിരാത്രിയഹോ! വിയത്തിൽ വ-
ന്നതിയായ് താരകളും വിളങ്ങുമേ;
പതിയോടു രമിച്ചുകൊണ്ടു താൻ

പതിവായാഴിയിൽ മുങ്ങി മങ്ങിടും.

പുതുനീലനിറം ചിലേടമായ്
ചിതറും പാടലകാന്തി കുത്രചിൽ-
അതിവെള്ളയുമാർന്ന കോമളം
സ്ഥിതിചെയ്യുന്ന വിയത്തിനൊപ്പമായ്.

രമണീയമണിഞ്ഞു കണ്ണിനെ
ശ്രമമെന്യേ വശമാക്കി വെച്ചിടും
കമനിക്കിണയായ മായയാൽ
ഭ്രമമുൾക്കൊണ്ടു നടക്കുമേവനും (യുഗ്മകം)

വനമാരുതനങ്ങു വേണുവായ്
വിലസും പൊള്ളമുളയ്ക്കു തുല്യയാം
പ്രകൃതീം, പുരുഷന്റെ ലീലയാം,
പ്രിയയായെണ്ണുവതെത്ര തുച്ഛമാം!

ഇരുളാർന്നൊരു രാവുവേളയിൽ
തരുമാശ്വാസമൊരുത്തനില്ല മേ
ശരണം പുനരിങ്ങു നിദ്രയെ
കരുതുന്നേനൊരു ദാസനായി ഞാൻ.

അമരം തുഴയാത്ത വഞ്ചിയാ-
ർന്നമരുന്നോനസമാനനായി ഞാൻ
ചുഴലന്നു പലേടമത്തലാം
ചുഴലിക്കാറ്റിലുഴന്ന രാത്രിയിൽ.

മനമേ! ഘനമൊക്കെ വിട്ടു നീ
നിനവേതും കലരാതെയന്ധമായ്
തനുവായ വികാരവും വിനാ
മുനിയായ് വാഴുവതെന്തിനാണെടോ?

തവ നല്ല പുരാണമിത്രമാ-

മവനേയോർത്തു വസിച്ചു കിം ഫലം?
ഒഴുകുന്നൊരു ഗംഗപോലെ നി-
ന്മിഴിനീരാലുദയക്രിയയാം കുരു.

ഒരു രൂപവുമില്ലയെങ്കിലും കുരുതേ മേ മനസി വ്യഥാം വൃഥാ
ഇരുളാർന്നീടവേ പിശാചിപോ-
ലുരുവാം മാലതുപോകുമേ പകൽ.

ഒരു പാതി വെളിക്കു കാട്ടിടും
മറുഭാഗം മറവാക്കി വെച്ചിടും
പ്രകൃതിക്കിണയായ വാക്കുകൊ-
ണ്ടകമേ തിങ്ങിന മാലുരപ്പതോ!

ഉതകുന്നു, തഥാപി, പദ്യമാ-
ർന്നതുപോക്കുന്നതിന്നുറ്റ മാലിനെ
അതിവേദന പൂണ്ടവന്നു തൻ -
മതി മാറ്റുന്ന കറപ്പിനൊപ്പമായ്.

വിറയാർന്നിടവേ പുതച്ചിട്ടു-
ന്നൊരു കീറത്തുണിയാകിലും, തഥാ
നിറയുമ്പൊഴുതിന്നു മാലഹോ!
കുറയുംമേ മൊഴിയിൽ പൊതിഞ്ഞിടാം.

”ഇനിയും പ്രിയരില്ലയോ,? പുന-
ർമ്മനുജാനാം പതിവല്ലയോ മൃതി, ?
പതിരും കരുതീട്ടു നെന്മണി-
ക്കെതിരായെത്ര ജനം ഭ്രമിച്ചിടും?

പതിവായൊരുപോലെ പാർത്തിട്ടു-
ന്നതിനേപ്പറ്റി വിചാരമാർക്കുമേ
മതിയിൽപ്പതിയുന്നതില്ല കേ-
ളി ” തികേചിൽ പറയുന്ന സാന്ത്വനം. (യുഗ്മകം)

നിയമേന നടന്നിടുന്നതാ-
ണിതി മേ മാല്യ ശമിച്ചുപോയിടാ ;
അകമേ പുനരൊന്നിനൊന്നിനി-
ങ്ങതിമാത്രം വളരുന്ന നാൾക്കുനാൾ.

ഒരു നാളു വെളുത്തു രാത്രിയാ-
യിരുളുമ്മുമ്പിലതീവ ശോച്യമായ്
പരമെത്ര ശരീരിണാം മന-
സ്സുരുകുന്നു വ്യസനാഗ്നി പൂണ്ടഹോ?

അയിതാത! രണേഷു ശൂരനായ്
ജയമാർന്നോരു മകന്നുവേണ്ടി നീ
പ്രിയമൊന്നു നിനച്ചിടുമ്പൊഴേ-
ക്കയമയ്യോ! വെടിയേറ്റു വീണുപോയ

അയി! മാത'രമേയഭാഗ്യനായ്
പ്രിയ പുത്രൻ വരവേണമീശ്വരാ'!
പ്രിയമേവ മുരക്കുവേ മകൻ
കയമൊന്നാർന്നു കുടിച്ചു ചത്തുപോയ്.

പ്രിയനിന്നുവരും മമാ'ഥവാ,
നിയതം നാളെ, യീവണ്ണമെണ്ണി നീ
നിയമേന നയിച്ചിടും ക്ഷണം
സ്വയമേ നാളുകൾ നാരിയാൾമണേ!

അവനന്നു പിരിഞ്ഞ നാൾ മുത-
ല്ക്കീവയെന്തിന്നിനിയെന്നു തള്ളിയ
നവചേലകൾ ഭൂഷണങ്ങളും
സവിശേഷം പുനരായ് ധരിച്ചിടും ;

കുറുകുന്തലണിഞ്ഞിടും തദാ
നിറയും പൂക്കളെറുത്തുകെട്ടി നീ

നിറമേറിയ പൊട്ടു തൊട്ടിടും
പറയും പുഞ്ചിരി പൂണ്ട വാക്കുകൾ ;

മുകുരം പരിചോട്ടു പാർത്തിടും
പകരും മോടികൾ മാറിമാറി നീ
തകരാറുകൾ വന്നിടായ് വതി -
ന്നകതാരിൽ പല നേർച്ച പൂണ്ടിടും,

പലമാതിരിയിപ്രകാരമായ്
പകലേതന്നെയൊരുങ്ങി നിന്നിടും
പ്രിയനാമവനെ പ്രതീക്ഷ്യാ നീ
പ്രതിസായം കിളിവാതിലിൽ തദാ;

വിപരീതമതായിരിക്കവേ
വിധി, യെന്തൊക്കെയിരിക്കിലെന്തഹോ!
വിനിവാര്യമതെല്ലൊരിക്കലും;
വരുവാനുള്ളതു വന്നു തന്നെ പോം.

കയമൊന്നു കടന്നിടുമ്പൊഴോ,
ഹയമൊന്നേറി വരുമ്പൊഴോ മുദാ,
ഭയമേതിലുമില്ല, യെങ്കിലും
പ്രിയനയ്യോ! കഥയായി നമ്മുടെ

ഇടിവാളു കണക്കു വീണിടും
മൃതിവാർത്താമിതു കേൾക്കവേ, തവ
സ്ഥിതി വാക്കുകൾ കൊണ്ടു ചൊല്ലുവാ-
നൊരുവാചാസ്പതിയും മടങ്ങുമേ.

'ഇനിയെന്തിനിരുന്നിടുന്നു ഞാൻ
തനിയേമന്നിൽ? മരിക്കണംക്ഷണം'
നിനവീവിധമാർന്നീടുന്നു നീ
മനതാരിങ്ക, ലെനിക്കുമേവമാം.

ബുധനാമവനിന്നു പോകയാൽ
വിധിയാൽ വഞ്ചിതരായി നാമഹോ!
വിധവാത്വമനന്തമായി തേ;
വിധമേവം പ്രിയനൊന്നുമില്ല മേ.

അയിതോഴ! വിളിച്ചിടാതെ മാം
ത്വരിതം പോയതു ചൊല്കയെങ്ങു നീ
വെറുതെ തവ വീട്ടിൽ വന്നു ഞാൻ
പരിതോ നോക്കിനടന്നിടുന്നിതാ.

പതിവായ് പുലർകാലമാകവേ
പടിവാതുക്കലണഞ്ഞു നിന്നുടേ
നവവാർത്തകളുള്ളതൊക്കെയ-
ങ്ങറിവാനാഗ്രഹമേറെയാണ്ടു ഞാൻ.

പകൽ പോയിരവാർന്നിടും ക്ഷണം;
പകരും വർഷമതായി വേനലും;
തവ മന്ദിരമപ്രകാരമായ്
ശവഗേഹത്വമണിഞ്ഞിടുന്നിതാ.

കലയാകെയണിഞ്ഞൊരിന്ദുവിൻ-
തുലയാർന്നങ്ങരുളീ യദേകദാ,
കലയറ്റ മൃഗാങ്കതുല്യമായ്
കലയാമസ്തവ ഗേഹമിന്നഹോ!

കുലദീപമതായിരുന്ന നീ
ജ്വലനം ചെയ്തിടവേ പ്രകാശമായ്
വിലസീടിന മേട നിന്നുടേ
വിലയേ കുറ്റിരുളാർന്നിടുന്നിതാ!

പടരും പിടപങ്ങൾ, പൂക്കളും
വിടിരും, മോടി തടാകതീരവും
തടവും പുതുപൂനിലാവിനാൽ,

പടവാർന്നങ്ങഥ പാടിട്ടും കുയിൽ,

വിരഹിക്കിവയേതു മാതിരി-
ക്കുരുതാപത്തിനു പാത്രമാകുമോ,
ശരിയായതുപോലെ സങ്കടപരമേകുന്നയിന്നെ നിക്കഹോ!(യുഗ്മകം)

ഇല പോയൊരു വൃക്ഷമെങ്ങനേ
വിലസും, പൂട പൊഴിഞ്ഞ പക്ഷിയും,
അതുപോലെ സുഹൃന്മണേ! ഭവ
ന്മൃതിയാലിന്നു ചമഞ്ഞിടുന്നു ഞാൻ.

ഉലകിന്നൊരു ജീവനായ നിൻ-
വിലയേ മാല്യ സഹിച്ചിടാതെയായ്
ഇലപോലുമിളക്കിടാതിതാ
നിലയായീ ബത! വൃക്ഷസഞ്ചയം.

തവ സംഗമമങ്ങു പോകയാൽ
പവനൻ പാരിടവും വെടിഞ്ഞിതോ?
ശവമെന്നതുപോലെ സർവ്വവും
ഭുവനേ നിശ്ചലമായ് വിരാജിതേ.

ഗതിയില്ല സദാഗതിക്കു താൻ,
ബത! സർവ്വംസഹയത്തലൊട്ടുമേ
സഹിയാതെ സമാധി പൂണ്ടിട്ടു-
ന്ന, ഹഹ! ത്വദ്വിരഹം ഹി ദുസ്സഹം.

ഉദധിക്കെതിരായ വമ്പെഴും
ഹൃദയം നിശ്ചലമായി നിന്നുടേ;
കദനേന വരുന്നിതാഴിത-
ന്നുദരേ വേലിയിറക്കമേറ്റവും.

മരവും ചെടിയും സുമങ്ങൾ തൻ-
നിരയും വള്ളികൾ പുല്ലുകൂടിയും

ചൊരിയുന്നിഹ ബാഷ്പധാരയെ-
പ്പരിതാപേന സമസ്തലോകവും.

കരയുന്നതുകൊണ്ടു മൽപ്രിയൻ
വരികില്ലെന്നു വിചാരമേല്ക്കവേ
വിരവോടെയടങ്ങിടും മന-
സ്സുരുകീടും പുനരായ് ക്ഷണേനതാൻ.

മമ മാനസതാരിലീവിധം
ശമവും തിങ്ങിന വേവലാധിയും
സമമായ് മരുവുന്നതോർക്കിലി-
ന്നമരും രാവൊരുമിച്ചഹസ്സുമായ്.

ചില വേളയിൽ നീലമായിടും
കലരും പച്ച ചുകപ്പു മഞ്ഞയും
പലവർണ്ണമിവണ്ണമേന്തിടും
നിലയോന്തിന്റെ വഹിക്കുമോ മനം?

പിശറും കടുതായ വാതവും
വശമാക്കുന്നളവിൽ കലങ്ങിടും
കൃശമാമലയില്ലയന്യഥാ
ഭൃശമക്കായലിനൊപ്പമോ മനം?

ചലിയാതെ തെളിഞ്ഞഗാധമായ്
വിലസും കായലിനുള്ളിലായ് നിഴൽ
പലതും പതിയുന്നപോലെയോ
കലരുന്നു മനതാരിലത്തലും?

അടിപാടടിപെട്ടു പാറമേ-
ലുടവാർന്നാടിയുലഞ്ഞുനിന്നുടൻ
അടിയാൻ തുടരുന്ന കപ്പലിൻ-
കിടയായോ കിമു മാനസം മമ?

കരണത്തടിപെട്ടിടുമ്പൊഴ-
ക്കരണങ്ങൾക്കു കറക്കമേറ്റുടൻ
തിരിവറ്റു പുലമ്പുമെന്നപോ-
ലൊരുവാല്യം തലയും വിനൈവ ഞാൻ,

നിറയുന്നൊരു താപമേറ്റിതാ
പറയുന്നു പലതും, തഥാപി,മേ
മറവാർന്നമരുന്നു മാനസേ
മുറകൂടാതെ സമസ്തവസ്തുവും. (യുഗ്മകം)

ജരയും നരയും മുഴക്കയാൽ
കുരയും പൂണ്ടു കൊഴിഞ്ഞു പല്ലുകൾ
നരനെത്ര മരിച്ചിടാതെ ക-
ണ്ടൊരുതൊണ്ണൂറു വയസ്സിരിക്കിലും.

മരുവുന്നുലകിന്നു ഭാരമാ-
യൊരു കാശിന്നുതകാതെ, യോർക്കിലോ
ചെറുപയ്യനമേയബുദ്ധി പൂ-
ണ്ടൊരു തോഴൻ പിഴ ചെയ്തതെന്തുമേ? (യുഗ്മകം)

യമധർമ്മനു ധർമ്മമാകവേ
കിമു കാശിക്കു കടന്നുപോയിതോ?
സുമനസ്സുകൾ തൻ ഗണത്തിലി-
ന്നിമമാരാണു ഗണിച്ചു വെച്ചതും?

പറയന്തക! കാന്തരൂപനാം
പ്രിയനേ ഹാ! കഥമിന്നു കൊന്നു നീ?
പശുവിന്റെ കഴുത്തറക്കുവാൻ
പറയന്നേതുമറപ്പു വന്നിടാ.

തരുവേനപി ജീവിതം സഖേ!
വിരവോടേ വരുമെങ്കിലോ ഭവാൻ
പരിതാപമിതേറെയേല്ക്കയാൽ

പൊരിയുന്നൂ മനതാരു മേ പരം.

'ഇതുപോലെ നമുക്കു തമ്പുരാൻ
പുതുതായ് വന്നിടുകില്ല നിശ്ചയം'
ഇതിഭൃത്യജനങ്ങൾ കേഴവേ
ഗതജീവൻ പ്രഭുവുള്ളിലാളവേ;

അതുപോലെ ശവത്തിനൊപ്പമായ്
മതി മേ നിശ്ചലയായിരിക്കവേ
ഗതികെട്ടു വെളിക്കു കേണിടു-
ന്നതിയായെൻ കരണങ്ങളാകവേ (യുഗ്മകം)

പിരിയാതൊരുനാളുപോലുമേ
പരമാനന്ദഭരത്തൊടേ ചിരം
ഒരു മാർഗ്ഗമതിങ്കലൂടെ നാ-
മിരുപേരും നടകൊണ്ടു തോഴരേ!

ഒരു വേനലു തൊട്ടു വർഷമാം
വരെയും വർഷമെടുത്തു വേനലാം
വരെയും പല കേളിയാടി നാം
ചിരിയും പൂണ്ടു നടന്നു സൌഖ്യമായ്.

കളിയും ചിരിയും കലർന്നു നാ-
മിളയാകും കളിമാമലയ്ക്കു മേൽ
കളിയാടി നടന്നു വിദ്യയാം
തെളിവേറും വഴിതന്നിലൂടവേ.

പലമോഹവുമുള്ളിലാർന്നു നാം
മലതൻ ചായ്വിലിറങ്ങി മെല്ലവേ
നിലകൊണ്ടളവിൽ ഭയങ്കരം
വിലസീ കാറണിയിട്ടു മുന്നിലായ്.

പരിചോട്ടു പരന്നു കൂരിരു-

ട്ടെരിയും ജ്ഞാനമണഞ്ഞു തൽക്ഷണം
തിരിയും തലയിൽ പെരുപ്പമായ്
തിരിയാതായി വചസ്സമസ്തമായ്.

അതിയാമിതുപോതു സങ്കടം
മതിമായം നന്ന ചെയ്കതന്നെയോ?
അതിയാതമതായതാകവേ
ബത! നന്നെന്ന നിനച്ചിടുന്ന ഞാൻ.

മിഴിരണ്ടുമിരിക്കവേയവ-
യ്യെഴുമക്കാഴ്ചയറിഞ്ഞിടാൻ പണി;
മുഴുകും ജരവന്ന കാഴ്ചയും
കുഴയുന്നേരമറിഞ്ഞിടുന്ന നാം.

മതിതന്നിലമർന്നിടുന്ന മാൽ
മതിയാകാതെയെന്നപോലെതാൻ
സ്മൃതിയാതമതായിടുന്ന മേ
ഗതമാം നമ്മുടെ ബാല്യകാലവും.

അരിയും കറിയും കളിച്ചു നാം,
പൊരിയും വെയ്ലു വൃഥാ കളഞ്ഞിടാം
തിരിയും വിരലൊന്ന മൂക്കിലും
പരമപ്പൊക്കിളിലും തൊടീച്ചുടൻ.

അവലും മലരും പഴങ്ങളും
കവരും പൂട്ടുപുരയ്ക്കകത്തു പോയ്
ശിവനായി നിവേദനം കഴി-
ച്ചവ തിന്നും പലകുട്ടുകാരുമായ്.

ഭരണിക്കെതിരേപ്പു കാണുവാൻ
കരയുന്നേരമെടുത്തു നമ്മളെ
ഭരമേറ്റഥ ഭൃത്യർ കൊണ്ടുപോയ്
വരുമക്കാഴ്ചകൾ കാട്ടുമാകവേ.

തിരുവോണമടുത്തിടുമ്പൊഴേ-
ക്കിരുന്നൂറുണ്ടു കളിക്കു കൂട്ടുകാർ
ഇരുഭാഗമതായി നിന്നു നാം
പൊരുതും പന്തുകൾകൊണ്ടു നാൾക്കുനാൾ.

തുകിൽകൊണ്ടുമതല്ല നൂലിലും
തുണികൊണ്ടും പലതുണ്ടു പന്തുകൾ
തുടരെത്തുടരെക്കിടച്ചിട്ടും
തുലയും കിട്ടിയതിന്നടുത്ത നാൾ.

പലവട്ടവുമേറ്റു പട്ടവും
കലരും ലജ്ജ സഹിച്ചിടാതെ നാം
കലഹം തുടരുന്നു കൂട്ടരായ്
ചിലകാലം കലികേറി മൂക്കയാൽ.

പൊരുതും പുനരൊന്നു ചുക്കിണി-
ക്കൊരു പന്തുണ്ടു പിടിച്ചുരുട്ടി നാം
തരമില്ലെതിർകൊമ്പു കാട്ടുവാൻ
പരമന്നേകുമവന്നു തൊപ്പിയും.

തുടരുന്നഥ ഗോലികൊണ്ടു നാ-
മിടയാന്നന്നമെഴുന്ന പേരുമായ് ;
അടികൊണ്ടു കുഴിക്കരയ്ക്കു കൈ
കുടയും രാശിയെടുത്തിടാത്തവർ.

കുഴിയൊന്നു തുരന്നു കട്ടുറു-
മ്പിഴയുന്നേരമെടുത്തുകൊണ്ടു നാം
കഴിയാൻ സമയം കഴിച്ചിട്ടും
കഴിയാഞ്ഞിട്ടു പഠിച്ചു ചൊല്ലുവാൻ.

ചെറുവെള്ളമിറക്കി മെല്ലവേ
കുറുനയ്യപ്പും വിരവോടെടുത്തുടൻ

തിറമോടെയിറങ്ങിയാറ്റിലും
ചിറകും വെച്ചതുപോലെ പാഞ്ഞു പോം.

ബഹുദൂരമതിങ്കലാകവേ
മഹിമാവേതിനുമേറിവന്നിടും ;
മഹി തന്നുടെ ഭൃത്യനാകിലും
ബഹുമാനം വിധുവിന്നു കൂടുമേ.

ഉപജീവനമന്നു മേവമാ-
മപി ഭാരം പകുതിക്കു പോരുമേ ;
ഉപകാരമതിന്നു ചെയ്യുവാ-
നപരൻ പാരിലൊരുത്തനില്ല മേ.

നിയതം പലനാളു ചെല്ലവേ
പ്രിയമെന്നുള്ളതുമങ്ങു മങ്ങിടും;
അയഥാർത്ഥമിതെന്നു കാട്ടുവാൻ
സ്വയമേ ജീവനമിന്നു ചെയ്തിടാം.

തരമില്ല പറന്നു പോകുവാൻ
തരുമാരെങ്കിലുമെങ്കിലോദനം
ഒരു പഞ്ജരബദ്ധയായ് സുഖം
മരുവും പൈങ്കിളി ഗർഹണീയയാം.

കുല ചെയ്കിലുമില്ല കുറ്റമി-
ന്നുലകിൽ തോന്നിയവാസമായിടാം,
നിലയീവിധമാർന്ന വന്യമാം
കുലവും ജന്തുവതിന്റെ നിന്ദ്യമാം.

ഒരുനാളുമൊരുത്തരോടുമായ്
കരുതീടാതൊരടുപ്പമൊട്ടുമേ
മരുവുന്ന മനുഷ്യർ കാട്ടിലാ -
ർന്നരുളും ജന്തുവിനോടു തുല്യരാം.

പ്രിയമൊന്നിൽ നിനച്ചിതാകിലോ
നിയതം ദുഃഖവുമുണ്ടു പിന്നിലായ്;
അതിനാലതു വേണ്ടയെന്നു താൻ
മതിതന്നിൽ കരുതുന്നിതേ ചിലർ.

പരിതാപമതിൻ നിദാനമാ-
യ് വരുമെന്നാകിലുമിങ്ങു സൌഹൃദം
വരമെന്നൊരു സംശയം വിനാ
കരുതുന്നു മനതാരിലിന്നു ഞാൻ.

ക്ഷണനേരമിരുന്നു പാരില-
ങ്ങണയുന്നാകിലൊരുത്തനെങ്കിലും
അണുപോലുമഹോ! ഗണിക്കുമോ
ഗുണമാത്മാവിനു വേണമെന്നു താൻ?

മണമറ്റൊരു പുഷ്പമോർക്കിലി-
ന്നണിയുന്നില്ല ശിരസ്സിലാരുമേ;
തൃണതുല്യമതായ ജീവിതം
ചൃണ കെട്ടാരു ഗണിച്ചിടുന്നിഹ?

പരിതാപമകന്ന ജീവിതം
പരലോകത്തിലുമില്ലയെങ്കിലോ
മരണംവരമെന്നതിന്നുതാ-
നൊരു ലേശം പുനരില്ല സംശയം.

അഥവാ, മരണത്തിനപ്പുറം
കഥയൊന്നും നഹിയെന്നു വന്നിടാം;
കഥയ പ്രിയ! നീ കഥം പുന-
ർവ്യഥയേകുന്നു മനസ്സിസയലിപ്പൊഴും?

ഒരു നാണയമായ് സുവർണ്ണവും
ലരികില്ലച്ചു പതിച്ചിടായ്കിലോ;
പരമേശ്വരശൂന്യതത്ത്വവും

കരുതീടാ മതമായൊരുത്തനും.

ഋതുശാന്തി കഴിഞ്ഞു നാരിയാൾ
ഗതയാകുന്ന വരന്റെ മന്ദിരം;
അതുപോലെ മമാപി തോഴനും
മുതിയാർന്ന ത്രിദിവം ഗമിച്ചിതോ?

മകൾ വിട്ടു പിരിഞ്ഞു പോകവേ
യകമേ കേണിടുമച്ഛനമ്മമാർ ;
തകരാറതുകൊണ്ടു വന്നിടാ
സകലം മംഗളമായ് ഭവിച്ചിടും.

കണവന്നിണയായിരിക്കവേ
തുണചെയ്തീടുമവൾക്കുമീശ്വരൻ,
ഗുണമാർന്ന തനൂജരുത്ഭവി-
ച്ചണയും വംശമനശ്വരം യശഃ.

ജഗദീശ്വരസന്നിധിം ഭവാ-
നഗമൽ കിന്നു തഥാ സുഹൃന്മണേ!
ദ്വിഗുണം ഗുണമിന്നനശ്വരം
ഭഗവൽപ്രേരണയാൽ പണിഞ്ഞിടാൻ?

ഇതിലൊന്നു കളിച്ചു പോയി ഞാ-
നതിയായിന്നതിനില്ല സംശയം;
കഥമെന്നുരചെയ്കിൽ, നാരിയാ-
ളഥ നാലാറു കഴിഞ്ഞു വത്സരം,

തിരികെ സ്വഗൃഹത്തിൽ വന്നു ചേ-
ർന്നരുളും തന്റെ സുഖങ്ങളൊക്കെയും;
ഇരുളാകയകന്നു വീട്ടുകാ-
രരുളും മോദസമുദ്രവീചിയിൽ (യുഗ്മകം)

അവളോടൊരുമിച്ചു മക്കളും

നവപൂഞ്ചേലയുടുത്തു വന്നിടും
കവരുന്നവരച്ഛനമ്മമാ-
ർക്കവശേഷിച്ചൊരു ദുഃഖമാകവേ.

അതുപോലെ തിരിച്ചു വന്നിടാ
മൃതനായുള്ളൊരു തോഴനിന്നു മേ;
ഇഹലോകമെനിക്കിരിപ്പിടം
മഹിതം സ്വർഗ്ഗസുഖം പ്രിയന്നുമായ്.

മൃതിയെന്നതു ദീർഘനിദ്രയായ്
മതിമാന്മാരുരചെയ്തിടുന്നു മേ;
കൊതി കാട്ടുവതിന്നു തന്നെയോ
പതിവായിട്ടു വരുന്നു നിദ്രയും?

മനുജർക്കു വളർച്ച നാൾക്കുനാൾ
മനതാരിന്നു വരുന്നുവെങ്കിലും
മറവാർന്നമരുന്നു മാനസേ
മുറയായിട്ടുകഴിഞ്ഞതൊക്കെയും.

സുരലോകസുഖം ലഭിക്കവേ
നരലോകത്തിൽ നടന്നതൊക്കെയും
സ്മരണം വരുമെങ്കിലന്നു ഞാ-
നരികത്തുണ്ടറികെന്റെ തോഴരേ!

പ്രസവിച്ചു നിലത്തു വീഴുമ-
ശ്ശിശുവിന്നല്പവുമില്ലയെങ്കിലും
അറിവായിവരുംക്രമത്തിന-
ങ്ങുളവാകുന്നഹമെന്നബോധവും.

വളരുന്നിതിനോട്ടുകൂടതും
വളരുന്നു വളമേറ്റു മെല്ലവേ;
ഉളവാമതിനോടു കൂടവേ
തെളിവായ് തന്നുടെ നിസ്സഹായതാ.

നിലവിട്ടു നടന്നു ശൈശവം
മുഴുവൻ ദുർജ്ജനമെന്ന പേരുമായ്
മരുവീടിന മർത്ത്യനെത്ര പേർ
ഗുണവാനായിട്ടുമച്ഛനാകവേ!

കളവന്നു കിളുർത്തതിന്നു മേൽ
വിളവുണ്ടാ, മതുപോലെ ശൈശവേ
വിളയാടി നടന്നിടുന്നവൻ
വളരുമ്പോൾ സുജനത്വമാർന്നിടും.

ശരിതന്നെയിതെന്നിരിക്കലും
ചെറുപയ്യന്നുപദേശരൂപമായ്
പരമാരെ, രിയുന്ന വഹ്നിയിൽ
ചൊരിയും നെയ്യുകണക്കു, നൾകിടും?

അഖിലേശ്വരനേകി മർത്ത്യനായ്
സുഖവും ദുഃഖവുമൊന്നുപോലവേ;
നിഖിലാസുഖമെങ്കിലും നൃണാം
സുഖമായ് പര്യവസിച്ചിടും ദൃഢം.

ഭഗവനണുപോലുമേ വൃഥാ
ഭുവനേസ്മിൻ നനു സൃഷ്ടിചെയ്തിടാ;
ഭവമാം ഭവനത്തിലത്ഭുതം
ഭവതി സ്വല്പവുമൂനമായ് നഹി.

ചമയുന്ന ഘനർത്തുവും ക്രമാൽ
കഴിയുമ്പോൾ ദിനമൊട്ടു വേനലായ്;
നിശയും സ്വയമേ നശിച്ചുടൻ
ശരിയായിട്ടുയരുന്നു സൂര്യനും ;

അതുപോലെ ശുഭേതരങ്ങളും
പലനാൾ ചെന്നിടവേ ശുഭങ്ങളാം ;

ഇതിബോധമുദിച്ചിടുന്നു മേ
മതിയിൽ, കഃ പുനരിന്നു ഞാനഹോ!

വലുതായ വനത്തിലേകനായ്
നില വിട്ടിട്ടുഴലുന്ന ബാലിശൻ;
ബലമൊന്നിലുമില്ല കേവലം
വലയുമ്പോളിഹ രോദനം വിനാ.

മരണം മനുജന്നു വന്നിടാം
പരമാത്മാവിനു വന്നിടാ ലയം ;
കരുതുന്നിതി ബോധമിന്നു ഞാൻ ;
പരമാർക്കാണറിവുള്ളൂ വാസ്തവം?

വളരെക്കുരുവിന്നു പാകിയാൽ
മുളവെച്ചീടുമൊരോന്നിടയ്ക്കിടെ,
വളരും ചിലതങ്ങവറ്റയിൽ,
വളമേറ്റും ചിലതങ്ങു ചീഞ്ഞുപോം.

കിമു ജാതിയെ മാത്രമീശ്വരൻ
കരുതുന്നോ ഗണനീയകോടിയിൽ?
ക്വനു വന്നിട്ടു മിന്നു ജാതിയും
കഥയ വ്യക്തികളേ വെടിഞ്ഞിഹ?

തരമില്ലതുമിന്നു ചൊല്ലുവാൻ,
കഥമെന്നാകില, നേകജാതികൾ
ഭുവമാർന്നു ചിരായ വാണതിൽ
പരമൊന്നോടെ നശിച്ചതില്ലയോ?

പണിചെയ്യൊരുനാളടുത്ത നാൾ
ഗണിയാതങ്ങതു സംഹരിക്കുകിൽ
അണപോലുമണഞ്ഞിടുന്നതോ
ഗുണമീ ലോകനിവാസികൾക്കഹോ;

വിളയാട്ടുകളാണു പൂച്ചകൾ-
ക്കെ, ലികൾക്കോ പുനരങ്ങു യാതനാ;
കുലചെയ്യലകിങ്കലീശ്വരൻ
കളിയാട്ടുന്നതു നന്നുതന്നെയോ?

ശരിയായൊരു തയ്യു നട്ടു മേ-
ല്പുരമിട്ടങ്ങു വളർത്തി മെല്ലവേ
കരവാളമെടുത്തതാരുവാ-
നരിയുന്നൂ വിഷവൃക്ഷമാകിലും?

അഥവാ വ്യഥയീവിധം വൃഥാ
കഥനംചെയ്‌വതു മൌഢ്യമല്ലയോ?
കഥമിന്നജരാമരത്വവും
പൃഥിവീജാതനു വന്നീടാമഹോ!

വ്യസനിച്ചതുകൊണ്ടൊരിക്കലും
വരികില്ലാ പ്രിയനെന്നിരിക്കിലും
മനതാരിലവന്റെ നേർക്കെഴും
മമതയ്ക്കേതുമതില്ല വാട്ടവും.

സ്ഥിതികൂടുതലുള്ളൊരുത്തനെ-
പ്പതിയായിട്ടു വരാൻ കൊതിച്ചിട്ടും
ഗതികെട്ടൊരു പെൺകിടാവുതൻ-
മതിപോലെ മനതാരുമായി മേ.

തരമില്ലവളോടൊരിക്കലും
കരുതീടനുരാഗമൊട്ടുമേ;
അറിവുണ്ടിതവൾക്കുമെങ്കിലും
കുറയാ സ്നേഹമവന്റെ നേർക്കഹോ!

ഒരുപോലെയവസ്ഥയുള്ള പേ-
രൊരുമിച്ചങ്ങവനുല്ലസിച്ചിട്ടും;
അറിയുന്നു തലേലെഴുത്തു തൻ-

കുറവപ്പോളതി ദുഃഖമോടവൾ.

പ്രിയനാമവനാരെയെങ്കിലും
പ്രിയമുൾക്കൊണ്ടു നടിച്ചുവെങ്കിലോ
അവരോടവകാശമെന്നിയേ-
യവളീർഷ്യാകലഹം തുടങ്ങിടും.

ഒരു കാരണമില്ലയെങ്കിലും
വരുമെന്തെന്നറിയാതെയേതിലും
പരിതാപവുമൊട്ടസൂയയും
വിരവോടെന്നുമവൾക്കു ചേതസി.

ഉലകാകെയവൾക്കു ശൂന്യമായ്
നിലകൊണ്ടീട്ടു,മതല്ല,നേരവും
തുലയാതെ തുലോം വലഞ്ഞു താൻ
ഫലമില്ലാതെ നയിച്ചിടും ഗൃഹേ.

'പ്രിയനിന്നു വരും നിനക്കയേ!
ഭയമേതും കരുതേണ്ട'യീവിധം
അയലിൽ കുടികൊണ്ടിടുന്നവർ
നയമായ് വന്നു ഹസിച്ചിടും ചിലർ.

പകലൊക്കെയിവണ്ണമായിടും
പരിഹാസങ്ങൾ സഹിച്ചു രാത്രിയിൽ
പരിതാപമപാരമായഹോ!
പൊരിയുംനാരിയൊടൊപ്പമായി ഞാൻ.

മലയും വയലും കലർന്നിടും
ചില കുഗ്രാമമടുത്തു പാർത്തിടും
പലയേഴയിലങ്ങൊരുത്ത നാ-
യുലകിൽ വന്നു പിറന്നതിന്നു മേൽ ;

അതിഭാഗ്യമിയന്നു നീചയാം

സ്ഥിതിയേ വിട്ടു യദൃച്ഛയാ പരം
മതിമാനവനേകനായ് ബലാൽ
വിധിയോടങ്ങഥ പോരിടുന്നഹോ!

സച ഭാഗ്യപയോധിവീചിയിൽ
പ്രചുരപ്രാഭവമോടുയർന്നിടും;
അചിരേണയിളാമണാളനും
സചിവത്വം പുനരങ്ങു നൽകിടും,

മലയൊന്നിളകുന്നിവെങ്കിലും
ചലിയാതുള്ളൊരു ധൈര്യമോടവൻ
വലുതായൊരു കാര്യമേതുമേ
സുലഭം നേടുമതീവ നീതിമാൻ.

വിടവാങ്ങി നടന്നുകൊള്ളുവാൻ
പടുകേമത്തമെഴുന്നയാളുകൾ
പടപോലെ നിരന്നു നിന്നിടും
പടിവാതുക്കലവന്റെ മന്ദിരേ.

ഇതിമാന്യജനാഗ്രഗണ്യനാ-
യതിസൌഭാഗ്യമിയന്നിരിക്കവേ
മതിയിൽ ചിലവേള പണ്ടവൻ
പതിവായ് കണ്ടതുമോർക്കുകില്ലയോ?

അമരാവതിയാർന്നു സൌഖ്യമാ -
യമരുമ്പോളതുപോലെയെന്നെയും
മമ തോഴനമല്പമായിടും
സമയത്തിങ്കലുമോർക്കുകില്ലയോ?

മുടിതൊട്ടടിയോളമൊട്ടുമേ
തടിയില്ലാത്തൊരു പോടുവൃക്ഷവും
പടരും ചിലവേള പൂക്കമൊ-
ട്ടിടകാണാതെയുമങ്ങു കായ്ച്ചിടും.

അകതാരിലെനിക്കതേവിധം
ശകലം സത്വവുമില്ലയെങ്കിലും
പകരുന്നു പലേ തരത്തിലും
വകമാറീട്ടു രസങ്ങൾ നാൾക്കുനാൾ.

അതുകൊണ്ടയി! തോഴ! നിന്നുടേ
മതിയിൽ ചേരരുതന്യഥാഗ്രഹം
ഗതി കെട്ടു തലയ്ക്കു പിച്ചു പൂ-
ണ്ടതിരറ്റിന്നിവനുല്ലസിക്കവേ.

കഴിയുന്നതുമക്കഴിഞ്ഞതും
കുഴയാതേ മിഴികൾക്കു നിന്നുടേ
നിഴലിച്ചൊരുപോലെയേകമായ്
വഴിപോലേ വിലസുന്നു മുമ്പിലായ്.

മൃതിതന്നുടെ സോദരങ്ങളാം
മതിതൻമാറ്റമുറക്കമാന്ധ്യവും
മതിയാകുമതെങ്കിലൊന്നുചേ-
ർന്നുതകട്ടേ മൃതിയെന്നപോലെ മേ.

ഒരുനാളരുവിക്കടുത്തു പി-
ന്നൊരുനാളാറ്റുകരയ്ക്കു കൂടിയും
മറുനാൾ മലതന്റെ ചായ്പിലും
തിരയും കണ്ടു കടൽപ്പുറത്തുമായ്,

പരിതോഷമിയന്നു പണ്ടുനാ-
മിരുപേരും നടകൊണ്ട ദിക്കുകൾ
മരവിച്ചതുപോലെയെന്നുടേ
മരുവുന്നു മിഴികൾക്കു സർവവും.

ഘനകാലമലങ്കരിച്ചിടും
ദിനമേ! നിന്റെ മുഖത്തിലെന്നുടേ

വദനത്തിലെഴുന്ന പോലെതാൻ
കദനം വന്നതിനെന്തു കാരണം?

പരിതാപമസഹ്യമാകവേ മറവാകുന്നു തവ പ്രസാദവും,
കരയുന്നു പരം ഘനങ്ങളാം
തിരകൾക്കുള്ളിൽ മറഞ്ഞിരുന്നു നീ.

വലുതായൊരു തെന്മരങ്ങൾത-
ന്നിലയാകും തലയും വിരിച്ചു നീ
മലതൻ ഗുഹയാർന്നവാതൃയായ്
വിലപിക്കുന്നതിദീർഘമായഹോ!

ഉലകിന്നതിരില്ല, പാർക്കിലോ
പലതും പണ്ടു നടന്നു തീർന്നു, മേൽ
മലപോലെ നടക്കവേണ്ടതും
ചിലതങ്ങുണ്ടു നടന്നിടുന്നതും.

വിരുതും പെരുതായ നേരുമ-
ങ്ങൊരുപോലുണ്ടു നിനക്കേതെങ്കിലും
നരനൊന്നു മരിച്ചുപോകയാൽ
വരുമോ ശൂന്യമൊരിക്കലും ഭുവി?

മഴ വീണു കഴിഞ്ഞിടുമ്പൊഴ-
ക്കുഴിയിൽനിന്നുയരുന്നൊരീയ്യലാം
പുഴുവിന്നെതിരാം നരന്നഹോ!
കഴിവുണ്ടോ ഭുവിയെന്തിനെങ്കിലും?

ചെറുതായൊരു ചുണ്ടെലിക്കഹോ!
തിറമുണ്ടായി മൃഗേന്ദ്രനേകുവാൻ
വലുതായ സഹായ, മെന്നപോ-
ലുലകിൽ കീടവുമേകുമേ ബലം.

മമ തോഴനിരുന്നുവെങ്കിലോ

സുമനോവൃന്ദമതിന്നു മുമ്പനാം;
ഭ്രമരങ്ങൾകണക്കു മറ്റുപേർ
ഭ്രമമാർന്നീടുമതായിരുന്നഹോ!

പഴിചൊല്ലുകയില്ല ഞാൻ വൃഥാ
വഴിപോലേ മൃതിവന്നുവെങ്കിലോ;
തടവില്ല വിധിച്ച പാതയിൽ
നടന്നുകൊണ്ടീടണമിന്നു സർവവും.

പരിതാപമിയന്നതീതമാ-
യൊരുകാര്യത്തെ നിനച്ചു നാമഹോ!
മരുവീട്ടൊരു കാര്യസാധ്യവും
വരുവാനില്ലൊരുനാളുമേതുമേ.

തിരിയൊന്നു കരത്തിലാർന്നു പോ -
മൊരുവൻതന്നുടെ പിന്നിലായ് വരും
ഇരുളെന്നതുപോലെ സർവവും
മരുവുന്നു മറവായ് കഴിഞ്ഞതും.

ഒരുവന്നഥ കീർത്തിയെത്രതാൻ
പെരുകുന്നാകിലുമിന്നനന്തമായ്
ഒഴുകുന്നൊരു കാലരൂപമാം
പുഴതന്നുക്ക് തടുത്തു നില്ക്കുമോ?

കുസുമങ്ങളിണച്ചു കെട്ടിയോ-
രസലാം മാല ചുരുട്ടിവെച്ചപോൽ
സ്വകമായൊരു കീർത്തിയൊക്കവേ
യകമേ വെച്ചു മറച്ചു കിംഫലം?

ശവമേകമടുത്തു നോക്കവേ
നവമായ് ഛായകൾ തോന്നുമെന്നപോൽ
ഗുണജാലമഹോ! മഹാത്മനാം
ഗണയാമോവയമിന്നു നിന്നുടെ.

ഒരു സോദരനല്ലതിൽ പരം
മരുവീ സ്നേഹമിയന്നു തമ്മിൽ നാം;
ഒരുപോലെയൊരച്ഛിലിട്ടുനാം;
ഒരുപോലെയൊരച്ഛിലിട്ടുനാ -
മിരുപേരേയുമയച്ചിതോ വിധി?

മലയും വയലും വനങ്ങളും
മനതാരിന്നൊരുപോലെ നമ്മുടേ
മുദമേകി, മദിച്ചൊഴുക്കുമായ്
മറവാർന്നീടുമതായ ചോലയും;

പുലരുമ്പോഴതീവ ശീതമായ്
നലമോട്ടൂതിന മന്ദമാരുതൻ
ഒളിവിൽ ചിലവേള നമ്മളോ-
ട്ടുലകിൻഭംഗികളോതി മെല്ലവേ ;

പരദേവതയെബ്ഭജിച്ചു നാ-
മൊരുപോലേ പുലരുന്ന വേളയിൽ
ഒരുമിച്ചൊരു പുസ്തകത്തിൽ നി-
ന്നിരുപേർ നമ്മൾ പഠിച്ച പാഠവും;

കരവേതിലെനിക്കതിങ്കല-
ങ്ങറിവേറ്റം പ്രിയനന്നുദിക്കയാൽ
നിറവേറ്റിരുപേരുമേതിലും
തിറമോടങ്ങു നയിച്ച നാളുകൾ.

മരണം പ്രിയനേ വെടിഞ്ഞു മാ-
മിരയായാക്കിയിരുന്നുവെങ്കിലോ
അരനാഴിക പോലുമിന്നവൻ
കരയാതേ വരികില്ല നിർണ്ണയം.

ഹൃദയം പിളരുന്നവാറെഴും

കദനം പൂണ്ടയിതോഴ! നീ തദാ
ഹൃദയംഗമയായ വാക്കുകൊ-
ണ്ടുടയതങ്ക്തി നമിക്കുമീശ്വരം.

ഗതികെട്ടവനായ് കിടന്ന മാം
സ്തുതി കേട്ടിട്ടഥ തുഷ്ടനീശ്വരൻ
ഗതകല്മഷനാക്കിയേകിടും
പതിവായ് നാകമതിങ്കലാലയം.

പ്രിയമങ്ങവനോടു മുമ്പിലേ
സ്വയമാസ്ഥന്നെ മുളച്ചു, സത്വരം
ഭയമെന്യെ വളർന്നു നാൾക്കുനാ-
ളുയരംവന്നു, തളർത്തു ഭംഗിയായ്,

മുകുളങ്ങൾ കുരുത്തു കോമളം
മുകളിൽനിന്നടിയോളമൊന്നുപോൽ,
വികസിച്ചചിരേണ ചെറ്റു നാ-
ളുകതാരിന്നു സുഗന്ധമേകി മേ,

തകരാറു വരില്ലൊരിക്കലും
ശകലം പോലുമിനിപ്പലത്തിനു,
അകതാരിലുറച്ചിവണ്ണമായ്
മകരന്ദത്തെ നുകർന്നു നിത്യമായ്;

ഹതദൈവതചേഷ്ടയീവിധം
ചതി ചെയ്തീടുമതെന്നൊരിക്കലും
മതിയിൽ കരുതീല ഞാനഹോ!
മതിമാനും ചില തെറ്റു പറ്റീടും.

അതുകൊണ്ടു വൃഥാ പരാതികൾ
മൃതിയേപ്പറ്റിയുരയ്ക്കയില്ല ഞാൻ;
അതിനും കഴിയാ ചലിച്ചിടാൻ
വിധിസങ്കല്പിതപാതവിട്ടഹോ!

മുഖമൊന്നു വിളർത്തുപോയതും
നഖമൊന്നങ്ങു മുറിഞ്ഞുപോയതും
ശിഖയങ്ങു പൊഴിഞ്ഞുപോയതും
സഖിതയ്ക്കെന്നുടെ വാട്ടമേകിടാ.

മൃതിപൂണ്ടഥവാ ഭയങ്കരം
സ്ഥിതിയും രൂപവുമാർന്നധസ്ഥലേ
കൃമിയോടൊരുമിച്ചു വാഴ്കിലും
മമ തോഴൻ മമ തോഴനൊന്നുപോൽ.

ഒരുനാൾ പുഴുവിന്റെ രൂപമാം,
മറുനാൾ മുട്ടയതായ് വിളങ്ങിടും,
ചിറകാർന്നഥ കൊച്ചു പക്ഷിയായ്
മറുനാളങ്ങു പറന്നു വന്നിടും,

ഒരു കൂടതുപോലെ വിട്ടുമ-
റ്റൊരു കൂടേറിടുമിന്നു ജീവനും;
പരിണാമമിവണ്ണമേതിനും
വരുമെന്നുള്ളതു ലോകതന്ത്രമാം.

സുകൃതം പുനരുഴിതന്നിൽ നി-
ന്നകലത്താക്കിയതും നിനയ്ക്കിലോ,
വകവെച്ചിടുവാൻ നിദാനമാ-
യകതാരിൽ കരുതുന്നതില്ല ഞാൻ.

വിളവേറിവരുന്നിരട്ടിയായ്
വളരും ഞാറു പറിച്ചു നാട്ടിയാൽ;
വളരും സുകൃതം തദൈവതാ-
നിളയിൽ നിന്നു ദിവം ഗമിക്കവേ.

മമ തോഴനു നൾകി നാകവും
മമ വാസത്തിനു പിന്നെയൂഴിയും,

പിണയിച്ചു പിരിച്ചതൊന്നിനേ
പഴിചൊല്ലീടുകയുള്ളു കാലനെ.

കലയൊന്നു വളർന്നു നാൾക്കുനാൾ
വലുതാകുന്ന ശശിക്കു തുല്യനായ്
വിലസീടുമതായിരുന്നു നീ
യുലകിൽ ജീവനൊടാർന്നുവെങ്കിലോ.

കബളീകൃതമാക്കി വിദ്യയും
വിബുധശ്രേഷ്ഠത പൂണ്ട മർത്ത്യരേ
അബലാജനതയ്ക്കു തുല്യമായ്
കബളിപ്പിക്കുമതായിരുന്നു നീ.

പരിതഃ പരിചോടു വന്നുചേ-
ർന്നരുളും ലോകഗണത്തിനൊക്കെയും
ഇരുളാകെയകറ്റിയേറ്റവും
പരിതോഷം ചൊരിയുന്ന സൂര്യനായ്,

പ്രതിവാസരമങ്ങുദിച്ചു നീ
സ്ഥിതിയുച്ചൈസ്തരയാർന്നിരിക്കവേ
മതിനേർമുഖിയിൽ പതിച്ചിടു-
ന്നതിതേജസ്സചിരേണ നിന്നുടേ.

വിബുധേഷു വിഭുത്വമാർന്നു നീ
വഴിപോലേ വിലസീടവേ തദാ
വിവിധം കളിയാണ്ടു വന്നുടൻ
വളയും നിന്നുടെ ബാലരൊക്കവേ.

പുതുതായ് വികസിച്ച താമര-
യ്ക്കെതിരായുള്ള തദീയമാനനം
പ്രതിബിംബിതമാക്കിടും പരം
ഹൃദയാംഭോരുഹനിർമ്മലപ്രഭാം.

വിളയാടി നടന്നു കൊള്ളു വാ -
നിളയാകും കുളിരംഗമാത്മഭ്രുഃ
ഇളവാക്കിയിതെന്നു തോന്നുമാ-
റളവില്ലാതവർ ലീല പൂണ്ടിടും.

അവരൊടൊരുമിച്ചിരിക്കവേ
നവമായ് ശൈശവമങ്ങു വന്നപോൽ
ഭവനത്തെ വലത്തു വെച്ചിടും
ശിവനേ! കേളികളാർന്നു നമ്മളും.

ഒരുവൻ പുനരങ്ങു പോയുടൻ
പുരമാടോട്ടു പൊളിച്ചൊരമ്പലം
ശരിയായ് പണിചെയ്തു കൂട്ടരേ
പരിതോഷേണ വിളിച്ചു ചേർത്തിടും.

ചെറുപയ്യനതാം സഹോദരൻ
തിറമോടങ്ങറിയാതെ മറ്റുപേർ
തിരയുന്നഥ ശർക്കരക്കുടം
പുരയിൽ കേറി മറഞ്ഞു നിന്നുടൻ.

പടുവാമൊരുവൻ പുരമ്പുമായ്
പടവെട്ടീടുമുടൻ സഖാക്കളായ്;
വിടുവായനൊരുത്തനങ്ങുടൻ
മടികൂടാതൊരു പാട്ടു പാടിടും;

ചെറുപൈതലു പിച്ചനിന്നുടൻ
പറയും കൊഞ്ചയൊടങ്ങു വാക്കുകൾ ;
തറയിൽ പുനരങ്ങുരുണ്ടിടും
തിറമില്ലാതെ നടന്നു പോകുവാൻ ;

പലമാതിരി ലീലയീവിധം
നലമോടങ്ങഥ കണ്ടിരിക്കവേ
തല പോകുമതെന്ന കാര്യവും

വില വെക്കാതെ കളഞ്ഞിടുന്നു നാം.

പല കേളികളാടിയീവിധം
കലരും ബാലകവൃന്ദമോടു നീ
വിലസുമ്പൊഴു തുണ്ടകാരനായ്
വലിവേ കേറിവരും ഗൃഹത്തിൽ ഞാൻ.

മടിയിൽ തവ ബാലരൊക്കവേ
മടി കൂടാതെ കരേറിയെന്നുടേ
വെടിയങ്ങു പലേതരത്തിലും
ചൊടിയോടേ പറയാൻ തുടങ്ങിടും.

പല നാളിതുമാതിരിക്കു നീ
കുലകൂടസ്ഥനതായിരിക്കവേ
മരുമക്കളിലും പകർന്നിടും
പെരുതാം നിന്നുടെ ബുദ്ധി വൈഭവം.

ഉലകാകെ നിറഞ്ഞു മേല്ക്കുമേൽ
വലുതാകുന്ന യശോഭരം സഖേ!
വിലസും തവ ഗണ്ഡമണ്ഡലേ
പലിതവ്യാജമിയന്നു വന്നുടൻ

ഉദയാദ്രിശിരസ്സിലങ്ങിരു-
ട്ടുദയശ്രീ കലരുന്ന വേളയിൽ
വിളറുന്നവിധം കുടുമ്മയും
വിലസും വെണ്മ കലർന്നു നിന്നുടേ.

തലയാകെ നരച്ചു വപ്പിയായ്
ബലമെല്ലാം വടിമേലുമാക്കി നീ
നടകൊൾവതു കാണ്മവാൻ മിഴി-
ക്കിടയാകാഞ്ഞതു ഭാഗ്യഹീനത.

കഴിയാത്തതിനേ കിനാവിൽ ഞാൻ

മിഴിയിൽ കണ്ടതിനേ കിടയ്ക്കുവാൻ
തുഴയുന്നതു തോഴനെന്റെ മേൽ
പഴി ചൊല്ലുന്നതിനായി മാത്രമാം.

മതിമാനപി നിന്റെ വാക്കുകേ-
ട്ടതിയായിട്ടു മിരണ്ടുപോയിടും;
ചതി ചെയ്‌വതിനെണ്ണി വന്നവൻ
പതറിസ്സത്യമുരച്ചിടും ക്ഷണം.

പല വിദ്യയിലും വിദഗ്ധരായ്
കുലകൊമ്പത്തമെഴുന്ന വൃദ്ധരും
തലയാട്ടി രസിച്ചു കേട്ടിടും
ഫലിതം ചേർന്നൊരു നിന്റെ ഭാഷണം.

നരിയൊന്നു കരഞ്ഞിടുമ്പൊഴ-
ങ്ങുറിയിൽ കേറി മറഞ്ഞിടുന്നവൻ
ഒരുനാൾ തവ മുന്നിൽ വാഴവേ
മരണത്തേയുമഹോ! ഭയപ്പെടാ.

കരിനാക്കിനുമൂക്കുനഷ്ടമാ-
മിരുനാവങ്ങു വരണ്ടുപോയിടും ;
വരികീറിയ കള്ളനും പരം
കരളിനുള്ളിൽ വരും കുഴപ്പവും.

തവ വൈഭവമേവമേതിലും
നവമോരോന്നരികത്തിരുന്നു ഞാൻ
അവലോകനമങ്ങു ചെയ്കവേ
ഭുവിയാരുണ്ടിതുപോലെ ഭാഗ്യവാൻ?

കുടിലിൽ കുടികൊണ്ടിരിക്കിലും
പൊടിപൂരം സദനത്തിൽ വാഴ്കിലും
കുടിലന്റെ മനസ്സിലൊട്ടുമേ
കുടിലത്വം വിട്ടുകില്ല നിർണ്ണയം.

മുടിമേൽ മകുടം ധരിച്ചകം-
പടിയും കൂട്ടി നടന്നുവെങ്കിലും
കുടിലന്റെ മുഖത്തു ചായമ-
ങ്ങുടനേതന്നെ വെളുത്തുപോം ദൃഢം.

മതിയിൽ പതിയാതിരുന്നിടു-
ന്നതിനെപ്പിന്നെ മനുഷ്യനെത്ര നാൾ
പതിവായ് വെളിയിൽ ജനങ്ങളേ
ചതിയായ് കാട്ടി മയക്കിടാമഹോ!

അകമേ നിനവൊന്നിരിക്കിലും
പുറമേ മറ്റൊരു മട്ടു കാട്ടിടും
ഇതി മേനിയിരണ്ടൊരിക്കലും
നഹി മേ സ്നേഹിതനല്പമെങ്കിലും.

ഒരുനാളുമൊരല്പബുദ്ധിയും,
പരനോടിർഷ്യകൾ, ദുർവിചാരവും
പരിശുദ്ധമതായ മാനസേ
തിരനോട്ടത്തിനടുത്തതില്ലഹോ!

പുരുഷോയമിതി പ്രസിദ്ധയാം
പദവിക്കന്നവനേവമർഹനായ് ;
പല മൂഢജനം വഹിച്ചതിൻ
പൊരുളെല്ലാം പതിരായിടുന്നിഹ.

വലുതായ ഭവാന്റെ വൈഭവം
മലപോലങ്ങു മുതിർന്നു നില്ക്കവേ
പല ചില്ലറ വൈഭവങ്ങളേ
വിലവെക്കാതെ കളഞ്ഞീടുന്നു ഞാൻ.

പരിചോടു ഭവാന്റെ സൃഷ്ടിയിൽ
പരമേഷ്ഠി പരിശിഷ്ടമെന്നിയേ

ഒരുപോലെയുരച്ചുചേർത്തുതാൻ
കരുവുണ്ടാക്കി ഗുണങ്ങൾകൊണ്ടഹോ!

അറിവേറുമിരട്ടിയല്ലലാൽ
പറയുന്നേവമറിഞ്ഞയാളുകൾ
മറിമായമിതെന്തു തോഴരേ!
പിറകേ പോയറിവേറെ നിന്നുടേ?

അറിവേറിവരാനൊരാഗ്രഹം
കരുതീടാത്തവനാരുവാൻ ഭുവി?
വരവാണി വരാൻ വരിച്ചിടാ-
ത്തൊരു വീരൻ വരികില്ല നിർണ്ണയം.

ഗളമാർന്നളവറ്റ സംപദാ
വിളയാടുമ്പൊഴുതേതു വീരനും
കളവല്ല തദീയമായ് മന-
സ്സിളകിപ്പോം പരിചിന്ത വിട്ടഹോ!

ജഗതാമിവൾ മോഹിനീ പുന-
വിഗതജ്ഞാനയതായിരിക്കിലോ
മൃഗതൃഷ്ണികപോലെയായിടും
ഭഗവത്തത്ത്വഗവേഷകന്നഹോ!

അധികാരമിവൾക്കു നേടുവാ-
നധികം മോഹമിയന്നഗാധമാം
വിധികല്പിതവും കടന്നിടാൻ
വിധമേതും തുടരുന്നു മാനുഷൻ.

അവനോ’നുവിധിച്ച പാതയെ
കവിയുന്നോ’ നു വിനാശമാം ഫലം ;
അവനുള്ളതുമങ്ങു പോയിടും
കവരാൻ പോയതുമൊട്ടു കിട്ടിടാ.

അതിനാലയി വാണി! വാണിടാൻ
പതിവായ് ജ്ഞാനമതിന്റെ പൈതലായ്
മതിയിൽ കരുതുന്നവെങ്കിലോ
മതിയോളം ബഹുമാനമാർന്നിടാം.

ഭയഭക്തിയുദാരതാദയാ
നയദാക്ഷിണ്യഗുണാദിസംഭൃതം
ഉയരുന്നൊരു പൌരുഷം പരം
പ്രിയനോടങ്ങുടനസ്തമിച്ചുപോയ്

ഘനകാലമിതാ കഴിച്ചുടൻ
ദിനനാഥൻ ശരദർത്തുവിങ്കലായ്
മനമങ്ങു തെളിഞ്ഞൊരണ്ഡജൈ-
സ്സ്വനഭ്രയിഷ്ഠമതായി ഭൃഗ്രഹം.

നവനീലനഭസ്ഥലത്തിലീ
നവനീതച്ഛവിയാം പയോധരം
പവനാഹതമോടിടുന്നിതാ
ഭുവനേ കപ്പലിലുള്ള പായപോൽ.

ഭവനാശനമാം മുരാരിതൻ
തിരുനാമം പതിവായ് ജപിച്ചിതാ
ഭവനാശനകാംക്ഷവിട്ടു വിൺ-
ഭുവനം യാതി പരുന്തു ചംക്രമൈഃ.

ദിനദീപമുയർത്തി നിർത്തുവാൻ
കലിതം സ്തംഭമതിൽ കരേറുവാൻ
വിനതാസുതനോതിടുന്നുവോ
നവസോപാനപരംപരാമിവ.

ഇളതാം വെയിലേറ്റു മുറ്റിടും
തളിരാർന്നുള്ള തരുക്കൾതോറുമായ്
കളിയാടി നടന്നു പാടിടു-

ന്നളിജാലം തെളിവോടെ രാവിലെ.

കുസുമങ്ങളണിഞ്ഞു വല്ലരി,
രസമായംഗനമാരുമങ്ങനേ;
അസിതാഭമതാം നഭസ്സലോ-
രസി നക്ഷത്രഗണങ്ങളെന്നപോൽ.

അളിവേണികൾ തന്റെ വേണിയിൽ
വിളയാടുമ്പൊഴുതുള്ള കാന്തിയെ
കളവല്ല മറിച്ചു കാട്ടിടു-
ന്നളിമാലാകുലയായ കേതകി.

വെറിയാർന്ന കുറഞ്ഞു വാരിയ-
ങ്ങറിയാതാറുകളിൽ ദിനേദിനേ
പെരുതാം പല മോഹമാർന്നിതാ
നരനായുസ്സു കഴിഞ്ഞിടുന്ന പോൽ.

ദിങ്മുഖങ്ങൾ തെളിവാർന്നു കല്മഷമകന്ന
മാനുഷമനസ്സു പോൽ,
ദീനമെന്നിയെ ദിനേശനും ദുരുപദേശമ
റ്റനുപനൊപ്പമായ്,
ദൂരവേ ദിശി പറന്നുപോയുടനഹങ്ക-
രിച്ചു വിഹഗങ്ങളും,
ദേശികന്നുടെയടുക്കൽനിന്നു വിട വാങ്ങി
യോടിന കിടാങ്ങളും.

പാടുപെട്ടു കൃഷിചെയ്തു പാടമാ-
ർന്നാടുമാടുകൾ കിടാക്കളോടുമായ്
ചാടിയോടി വിളയാടിയന്തിയിൽ
കൂട്ടമായ് കുടിലിലേറിടുന്നിതാ.

പേടമാനുമടവീഷു വേടരേ
പേടിയോടടവിലങ്ങു നോക്കിയും

തോട്ടുമാറുമഥ കാട്ടുമൊന്നുപോ-
ലോടിയോടി നടന്നുകൊണ്ടിടുന്നിതാ.

രഹസ്യ മുലകിന്നുടേ ചില-
തു ശാസ്ത്രസിദ്ധാന്തമ-
ങ്ങഹമ്മതി മുഴുത്ത മൂഢജ-
നതയ്ക്കു കാട്ടുന്നപോൽ
അഹസ്സു കഴിയുന്ന വേളയി-
രുൾ വന്നു മൂടീടവേ
മഹീതലവിലാസമമ്പിളി വെളിപ്പെടുത്തുന്നിതാ.

സുധയധികമതുള്ളിലാക്കി രാവിൽ
മതിയറിയാതെ ചിലച്ചിടും ദ്വിജനാം
വിധമതു പലവേള കണ്ടുസേവി-
പ്പതിനു മുതിർന്നിഹ വാരുണീം ച രാജാ.

പകലിരവൊരുപോലേ
വാർത്തുവാർത്തിട്ടു പാരിൽ
മുകിലനവധി നീരങ്ങാ-
ർന്നിതാ നിഷ്കളങ്കത്വം ;

സുകൃതികൾ മണിയാകും
തോഴരേ! കണ്ണുനീർ വാ-
ർത്തകതളിരതുപോലേ
മാല്യ നീങ്ങിത്തെളിഞ്ഞു.

പനിമതി പലനാൾകൊണ്ടാർന്നി-
ട്ടും പൂർണ്ണഭാവം
ദിനമനു വലുതായിബ്ബാല-
നും കേമനാകും
നിനവനവധി ചെയ്താൽമാത്ര-
മുൾബോധമുണ്ടാം
മനമതിൽ മമ തോഴൻ ഹന്ത!

പെട്ടെന്നുയർന്നു.

പിരിഞ്ഞു പല നാളിരുന്ന പുനര-
ങ്ങു ചേരുംവിധൌ
വരുന്ന പരിതോഷമുള്ളിലൊരിര-
ട്ടിയായിട്ടുതാൻ
സുരേശ്വരനിവാസമെന്നുടെ വയ-
സ്യനാർന്നീടിനാൻ
മരിച്ചരികിലെത്തവേ മമ മുദം
വളർത്തീടുവാൻ.

കാലവൈഭവമിതോർക്കിലെന്തുപറയാവ
തോ? ചെറുവയസ്സിലെ-
ങ്ങോലവാലെയിഹ വേല ചെയ്തു വലയു-
മ്പൊളാരുമതറിഞ്ഞിടാ
നീളെ നാളു ലയമെന്നിയേയുലകുതൻബ
ലത്തെ നിലനിർത്തുവാൻ
മൂലമായി മരുവുന്ന സൌഹൃദമതീവ
നേരുമിവ രണ്ടുമേ.

സാക്ഷാൽ തേജോമയംതാനുലകു സക-
ലവും മുന്നമുൽഭ്രതമായീ
നക്ഷത്രക്കൂട്ടമോരോന്നതിലഥ തെളിവാ
ർന്നര്യമാവുത്ഭവിച്ചു,
ഇക്ഷോണീ പിന്നെയുണ്ടായതിലനവധി
നൂറ്റാണ്ടു ചെന്നപ്പോഴുണ്ടായ്
വൃക്ഷൌഘം പക്ഷിജാലം മൃഗതതി മു-
തലായത്ഭുതം ജീവിജാതം.

കുരങ്ങു മൂത്തിട്ടിഹ മാനവന്മാർ
പാരിൽ പിറന്നെന്നരുളുന്നു ശാസ്ത്രം ;
നേരാണിതെങ്കിൽ ക്രമമായിവണ്ണം
വരും നരന്മാർക്കമരാധിപത്വം.

കതിരവനപരാർണ്ണവത്തിൽ മുങ്ങീ
പിതൃജനനീ പ്രിയനോടുപോയ് മയങ്ങീ.
അതുപൊഴുതിരുളേറെ വന്നു പൊങ്ങീ
പതറിയുഴന്നു ജനങ്ങളും വിളങ്ങീ.

കന്നുകാലികൾ മേഞ്ഞുതീർന്നഥ വന്നു
കേറിയെരുത്തിലിൽ
ഖിന്നഭാവമിയന്നു പാന്ഥരമ-
ർന്നിതേ വഴിയമ്പലം.
അന്നു വിറ്റൊരു വാണിഭങ്ങളുടെ ലാ-
ഭനഷ്ടമുരച്ചിതാ
വന്നിടുന്നു ഗൃഹങ്ങളിൽ വണിജാം
സമൂഹവുമപ്പൊഴേ.

അന്ധകാരകവചം ധരിച്ചൊരു നിശാനി
ശാചാരി വരുമ്പോഴ-
ങ്ങന്ധരായ് പടിയടച്ചിടുന്നു പുരവാസി-
ജാലമൊരുപോലവേ.
ബന്ധുരം തദനു പൂർവപർവതമുടിക്കുമേൽ
കമുദബാന്ധവൻ
ബന്ധനാദിവ വിനിർഗ്ഗതൻ തിമിരബാധ
യെപ്പരിഹരിച്ചിടും.

ബന്ധുവിന്നുടെ വിനാശമായൊരു മ-
ഹാന്ധകാരമതുപോലവേ-
യന്ധകൂപമതിലെൻമനസ്സിനെയ-
കപ്പെടുത്തി മരുവുംവിധൌ
ബോധമായൊരു സുധാംശു വന്നുദിതനാ
യ് വിഷാദഭരമായീടും
ബാധയെപ്പുനരകറ്റി നല്ല വെളി-
വാക്കിടുന്നു സകലത്തെയും.

എൻതോഴാ! പഴുതേ ഉഴഞ്ഞു പെരുതാം
കാലാർണ്ണവം താണ്ടുവാ-
നന്തർമ്മോഹമിയന്നു ഞാൻ മരുവുമ-
ന്നേരത്തു ചാരത്തു നീ
സന്തോഷത്തൊടദൃശ്യനായ് സുരവര-
ന്മാരൊത്തു വന്നീലയോ?
സ്വാന്തർമ്മോദമെനിക്കു നൽകുവതിനാ-
യ് സാന്നിധ്യമാത്രാദപി.

എന്തെല്ലാം മറിമായമിങ്ങു ഭഗവതി-
ക്കുണ്ടായി വിശ്വംഭരേ!
ചന്തം ചേർന്ന മഹീരുഹങ്ങൾ വിലസീ-
ട്ടുണ്ടായിരുന്നോരിടം
അന്തംവിട്ടൊരു രാജവീഥികൾ ജനാ-
കാരം കലർന്നാകുലം
ഹന്താർന്നീടിന ദിക്കുമൊക്കെയുമുദ ധി-
ക്കാഹാരമായീലയോ?

നിഴൽക്കണക്കുതാനഹോ! മഹീധ്രു-
വും നിനയ്ക്കുകിൽ
മഴയ്ക്കു കൂടിവന്നിട്ടും പയോധര-
ത്തിനൊപ്പമായ്
മിഴിക്കു കാണ്മവാൻ കഴിഞ്ഞിടാത്ത
വണ്ണമങ്ങതിൻ
ചെഴിപ്പു നീങ്ങിയാകവേ ലയിച്ചി-
ട്ടുന്നു നിത്യവും.

അസത്യമീലോക മശേഷമെങ്കിലോ
വസിക്കുമാത്മാവിലഹം ദിവാനിശം
ലസിച്ചിട്ടും തോഴനുമായിടത്തിൽ
രസിച്ചിട്ടും ഞാനവനോടു കൂടി.

മുക്തിക്കുള്ള നിദാനമായ്, ത്രിഭുവനേ സ

ത്തർക്കു സംപൂജ്യമായ്,
ഭക്തിക്കുള്ളൊരു പൈതലായൊ,രിടവും
കാണാതെയസ്പഷ്ടമായ്,
ശക്തിക്കൊത്തു ഭജിപ്പവർക്കുസകലം നൾ
കുന്ന കല്പദ്രുവായ്,
വക്തവ്യം പരമാത്മതത്ത്വമമിതാ-
നന്ദം വളർത്തുന്നു മേ.

സമാപ്തം.

പ്രസാധകർ
താളിളക്കം